**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265** **19-09-2025 - ൽ മറുപടിയ്ക്ക്**

**നേരേകടവ് - മാക്കേകടവ് പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വൈക്കം, അരൂർ നിയോജകമണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന നേരേകടവ് - മാക്കേകടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | (എ) | നേരേകടവ് - മാക്കേകടവ് പാലത്തിന്റെ 100-ൽ 100 പൈലുകൾ, 23-ൽ 23 പൈൽ ക്യാപ്പുകൾ, 21-ൽ 21 പിയർ/പിയർ ക്യാപ്പുകൾ, നാവിഗേഷൻ സ്പാനിൽ ഉള്ള 8 ഗർഡുകൾ, ബാക്കിയുള്ള 80 ഗർഡുകളിൽ 68 ഗർഡുകൾ. 518 മീറ്റർ ഡക്ക് സ്ലാബ്, 467 മീറ്റർ ഔട്ടർ കെർബ് എന്നിവ പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ 68 ഗർഡറുകളിൽ 56 എണ്ണത്തിന്റെ ലോഞ്ചിങ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പാലം എന്നത്തേക്ക് ഗതാഗത യോഗ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (ബി) | നിലവിലെ സാഹചര്യത്തിൽ 2026 മെയ് അവസാനത്തോടെ പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | നേരേകടവ് മുതൽ ഉദയനാപുരം വരെയുള്ള റോഡിന്റെ വീതിക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നേരെ കടവ് - ഉദയനാപുരം വരെയുള്ള റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട്, PWD/RB/FL/94346/2021 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ പ്രസ്തുത പ്രവൃത്തിക്ക് ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ ഭരണാനുമതിയ്ക്കായി പരിഗണിച്ചിട്ടില്ല. കൂടാതെ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് നിലവിൽ പരിശോധനയിലാണ്. |
| (ഡി) | നേരേകടവ് - ഉദയനാപുരം റോഡ് വീതി കൂട്ടി നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | സി പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ